046965

OFFICE OF THE COMMISSIONER ... THIRUVANANTHAPURAM
RECEIVED
26 NOV 2015

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - സർവ്വീസിലിരിക്കെ മരണമടയുന്ന വിവാഹമോചിതരായ സർക്കാർ ജീവനക്കാരുടെ ആശ്രിതരായ അവിവാഹിതരായ സഹോദരങ്ങൾക്ക് നിയമനം നൽകുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ - സി) വകുപ്പ്

സ.ഉ.(പി) നം. 29/2015/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 12.11.2015

---

പരാമർശം:- 1. 24.05.99 - ലെ സ.ഉ.(പി) നം. 12/99/ഉഭപവ
2. 18.11.99 - ലെ സ.ഉ.(പി) നം. 24/99/ഉഭപവ
3. 12.04.2010 -ലെ സ.ഉ.(പി) നം. 14/10/ഉഭപവ

## ഉത്തരവ്

സർക്കാർ സർവ്വീസിലെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ പരാമർശം 1- ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരന്റെ/ജീവനക്കാരിയുടെ വിധവ/വിഭാര്യൻ/മകൻ/മകൾ/ദത്തുപുത്രൻ/ദത്തുപുത്രി എന്നിവർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം ലഭിക്കുന്നതിന് അർഹതയുണ്ട്. പരാമർശം - 2 ലെ സർക്കാർ ഉത്തരവനുസരിച്ച് സർവ്വീസിലിരിക്കെ മരണമടയുന്ന അവിവാഹിതരായ സർക്കാർ ജീവനക്കാരുടെ അച്ഛൻ/അമ്മ, അവിവാഹിതനായ സഹോദരൻ/ അവിവാഹിതയായ സഹോദരി എന്നിവർക്കും ആശ്രിത നിയമനത്തിന് അർഹതയുണ്ട്. പരാമർശം 3 - ലെ സർക്കാർ ഉത്തരവ് പ്രകാരം ആശ്രിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മരണമടഞ്ഞ ജീവനക്കാരന്റെ/ജീവനക്കാരിയുടെ വിവാഹിതനായ മകൻ/ വിവാഹിതയായ മകൾ എന്നിവരെയും ആശ്രിത നിയമനത്തിന് പരിഗണിച്ചു വരുന്നു. എന്നാൽ സർവ്വീസിലിരിക്കെ മരണമടയുന്ന വിവാഹമോചിതരായ സർക്കാർ ജീവനക്കാരുടെ ആശ്രിതരായി ആരെയെല്ലാം പരിഗണിക്കാമെന്നതു സംബന്ധിച്ചും ആശ്രിത നിയമനം നൽകുന്നതിനും നിലവിൽ വ്യവസ്ഥയില്ല. ഇക്കാര്യത്തിൽ വ്യവസ്ഥ വരുത്തേണ്ടതാണെന്ന് സർക്കാർ കരുതുന്നു.

2. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന വിഭാഗത്തെക്കൂടി സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സർവ്വീസിലിരിക്കെ

......2

മരണമടയുന്ന വിവാഹമോചിതരായ സർക്കാർ ജീവനക്കാർക്ക് മക്കൾ ഉണ്ടെങ്കിൽ മകൻ, മകൾ, ദത്തുപുത്രൻ, ദത്തുപുത്രി എന്ന മുൻഗണനാക്രമത്തിലും അല്ലാത്തപക്ഷം പരാമർശം 2- ലെ സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന രീതിയിൽ അച്ഛൻ/അമ്മ, അവിവാഹിത സഹോദരി/അവിവാഹിത സഹോദരൻ എന്ന ക്രമത്തിലും, ഇവർ ജീവനക്കാരനെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത് എന്ന സാക്ഷ്യപത്രം ഹാജരാക്കുകയാണെങ്കിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം നൽകാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

കെ. അജയകുമാർ
സെക്രട്ടറി

എല്ലാ വകുപ്പുതലവന്മാർക്കും /ഓഫീസ് മേലധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തുസഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
(ആമുഖ കത്തു സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്തു സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ്, കേരളം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം (ആമുഖ കത്തു സഹിതം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.